**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6460</u>** **<u>20-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഒറ്റപ്പാലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കെന്നും എത്ര രൂപയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (എ) | മലമ്പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ കനാലുകൾ ഒറ്റപ്പാലം മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ മലമ്പുഴ പദ്ധതിക്കായി 400 ലക്ഷം രൂപയും കാഞ്ഞിരപ്പുഴ പദ്ധതിയിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗപ്പെടുത്തി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി വരുന്നു.<br><br>പ്ലാൻ ശീർഷകത്തിൽ NABARD – RIDF ഇനത്തിൽ കാഞ്ഞിരപ്പുഴ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br><br>ഒറ്റപ്പാലം മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ